പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2536 — 05. 11. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. യിലെ അസിസ്റ്റന്റ് എൻജിനീയർ, സബ്ബ് എൻജിനീയർ തസ്തികകളിലെ ഒഴിവുകൾ

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| കെ.എസ്.ഇ.ബി. യിലെ അസിസ്റ്റന്റ് എൻജിനീയർ, സബ്ബ് എൻജിനീയർ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ തസ്തികകളിൽ കണക്കാക്കിയിട്ടുള്ള നിലവിലെ ഒഴിവുകളുടെ എണ്ണവും ഇവ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.<br>1. **അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)**<br>നേരിട്ട് നിയമനമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 40% KPSC ക്വാട്ടയിൽ നിലവിൽ 21 ഒഴിവുകളുണ്ട്. ഇതിൽ 4 എണ്ണം KPSC – യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 17 ഒഴിവുകൾ KPSC – യ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>10% PSC ഇൻ സർവ്വീസ് ക്വാട്ടയിൽ 3 ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ KPSC – യ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>ഈ തസ്തികയിൽ നിലവിൽ ജീവനക്കാരുടെ 20%, 30% പ്രമോഷൻ ക്വാട്ടയിൽ 242 ഒഴിവുകളുണ്ട്. ഇത് നിരവധി കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടതിനാൽ പ്രമോഷൻ നൽകി നികത്തുവാൻ സാധിച്ചിട്ടില്ല. വ്യവഹാരങ്ങളിലെ തീർപ്പുകൾക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>2. **അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)**<br>നേരിട്ട് നിയമനമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) 40% പി.എസ്.സി. ക്വാട്ടയിൽ 65 ഒഴിവുകൾ നിലവിലുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ നടപ്പിലാക്കിവരുന്നതും സമീപഭാവിയിൽ വിഭാവന ചെയ്തിരിക്കുന്നതുമായ പദ്ധതികളുടെ ആവശ്യകത പരിഗണിച്ച് ഈ വിഭാഗത്തിൽ 35 ഒഴിവുകൾ കെ.പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>10% പി.എസ്.സി. ഇൻ സർവ്വീസ് ക്വാട്ടയിൽ ഒഴിവുകളൊന്നും തന്നെ നിലവിലില്ല.<br>ഈ തസ്തികയിൽ നിലവിൽ ജീവനക്കാരുടെ 30% ഡിപ്ലോമ പ്രൊമോഷൻ ക്വാട്ടയിൽ ഒരൊഴിവുണ്ട്. ഇത് നികത്തുവാനുള്ള നടപടികൾ താമസംവിനാ ആരംഭിക്കുന്നതാണ്. |

20% ഐ.റ്റി.ഐ. ക്വാട്ടയിൽ പ്രൊമോഷൻ വഴി നികത്തേണ്ട 58 ഒഴിവുകളുണ്ട്. എന്നാൽ സീനിയോറിട്ടി പ്രൊട്ടക്ഷൻ ക്ലോസ് പ്രകാരം സീനിയറായ ഡിപ്ലോമ ഉള്ള ജീവനക്കാർക്ക് പ്രൊമോഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ഒഴിവുകൾ നികത്തുവാൻ സാധിച്ചിട്ടില്ല.

### 3. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

നേരിട്ട് നിയമനമുള്ള സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 30% പി.എസ്.സി. ക്വാട്ടയിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല.

ഈ തസ്തികയിൽ പി.എസ്.സി വഴിയുള്ള 10% ഇൻ സർവ്വീസ് ക്വാട്ടയിൽ നിലവിൽ 34 ഒഴിവുകളുണ്ട്. ഇതിലേയ്ക്ക് പരിഗണിക്കേണ്ട യോഗ്യതകൾ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിട്ടി റെഗുലേഷൻസ്-2010 ന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച് പുതിയ സ്പെഷ്യൽ റൂൾസ് കെ.എസ്.ഇ.ബി.എൽ.-ൽ രൂപവത്കരിച്ചുകൊണ്ടിരിക്കുകയാണ്. ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് കെ.പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ തസ്തികയിൽ നിലവിൽ ജീവനക്കാരുടെ 40% പ്രമോഷൻ (മീറ്റർ റീഡറിൽ നിന്നും) ക്വാട്ടയിൽ 148 ഒഴിവുകളുണ്ട്. 20% പ്രമോഷൻ (ഓവർസീയർ (ഇല.)നിന്നും) ക്വാട്ടയിൽ നിലവിൽ 74 ഒഴിവുകളുണ്ട്. എന്നാൽ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ITI സർട്ടിഫിക്കറ്റുള്ളവരെ സബ് എഞ്ചിനീയറായി പ്രമോട്ട് ചെയ്യുന്നതിൽ നിന്നും കെ.എസ്.ഇ.-ബി.ലിമിറ്റഡി-നെ വിലക്കിയിട്ടുണ്ട്. ഈ ക്വാട്ടകളിലെ പ്രമോഷൻ ഒഴിവുകൾ നികത്തുവാൻ ഇപ്പോൾ സാധിക്കുന്നില്ല.

### 4. സബ് എഞ്ചിനീയർ (സിവിൽ).

നേരിട്ട് നിയമനമുള്ള സബ് എഞ്ചിനീയർ (സിവിൽ) 30% പി.എസ്.സി ക്വാട്ടയിൽ ഒഴിവുകളൊന്നും തന്നെ നിലവിലില്ല.

10% പി.എസ്.സി ഇൻസർവ്വീസ് ക്വാട്ടയിൽ 32 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ ആവശ്യകത അനുസരിച്ച് കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സബ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിൽ ജീവനക്കാരുടെ 60% പ്രമോഷൻ ക്വാട്ടയിൽ 187 ഒഴിവുകളുണ്ട്. ഇത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ